THURSDAY 02-09-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 02/09/2021

1. കേരള കാർഷിക സർവകലാശാലയുടെ പീലിക്കോട് ഉത്തരമേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് ലോക നാളികേര ദിനമായ ഇന്ന് രാവിലെ 11 മണിക്ക് **കർഷക പങ്കാളിത്ത തെങ്ങിൻതൈ ഉൽപാദന പദ്ധതി** -യുടെ ഔപചാരിക പ്രഖ്യാപനവും **കേരകേരളം സമൃദ്ധ കേരളം പദ്ധതി**യുടെ ഭാഗമായി കർഷകർക്ക് വിതരണം ചെയ്യാനുള്ള തെങ്ങിൻ തൈകളുടെ വിൽപ്പന ഫ്ളാഗ് ഓഫ് ചെയ്യലും നടക്കുന്നു.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വിൽപ്പനയ്ക്കുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കറവ യന്ത്രം വാങ്ങുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന 25000 രൂപ ധനസഹായം ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ അപേക്ഷ ക്ഷണിയ്ക്കുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള അഞ്ചോ അതിൽ കൂടുതലോ പശുക്കൾ ഉള്ളതും നിലവിൽ കറവയന്ത്രം ഇല്ലാത്തതുമായ ക്ഷീരകർഷകരാണ് അപേക്ഷിയ്ക്കേണ്ടത്. അപേക്ഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കർഷക രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കണമെന്നും തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

4. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കുരുവില്ലാത്ത തണ്ണിമത്തൻ ( സ്വർണ്ണ, ഷോണിമ), സാലഡ് കുക്കുമ്പർ (KPCH -1) എന്നിവയുടെ ഹൈബ്രിഡ് വിത്തുകളും കുരുവുള്ള തണ്ണിമത്തൻ (ഷുഗർബേബി), പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചന്, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (അരുൺ) എന്നിവയുടെ നാടൻ വിത്തുകളും വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** നമ്പറുമായി ബന്ധപെടുക.

**പരിശീലന പരിപാടികൾ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

5. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 2-ന്) രാവിലെ 11 മണിക്ക് **"കേരളത്തിലെ നാളികേര കൃഷി"** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ പരിശീലനം നടത്തുന്നു. https://www.facebook.com/fibkerala/ എന്ന ഫേസ്ബുക്ക് പേജിൽ കൂടി പരിശീലനം തത്സമയം വീക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (02.09.2021) വൈകിട്ട് 7 മണി മുതൽ **മൃഗസംരക്ഷണ മേഖലയും എഫ്.പി.ഒയും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നു (02/09/2021 ന ) രാവിലെ 11 മണിക്ക് **"ക്ഷീരസഹകരണസംഘം ഭരണസമിതി അംഗങ്ങൾക്കുളള ഓൺലൈൻ പരിശീലനം"** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481-2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (സെപ്റ്റംബർ 2) രാവിലെ 11 മണി മുതൽ **ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുളളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 2-ന്) **ഇറച്ചിക്കോഴി വളർത്തൽ,** ഈ മാസം 4-ന് (04-09-2021) **താറാവ് വളർത്തൽ** എന്നീ

വിഷയങ്ങളിൽ സൌജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **9188522711** എന്ന ഫോൺ നമ്പരിൽ വാട്സ് ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിൽ ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നാളെ (സെപ്റ്റംബർ 03-ന്) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481– 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 8,9 തീയതികളിൽ പശു വളർത്തൽ, 16,17 തീയതികളിൽ ഇറച്ചിക്കോഴിവളർത്തൽ, 27-ന് താറാവു വളർത്തൽ, 29,30 തീയതികളിൽ നായവളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701**. എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

12. നല്ല വളക്കൂറുള്ള മണ്ണിലും ധാരാളം ജൈവവളം ചേർക്കുന്ന കുരുമുളകു കൊടിയ്ക്കും രാസവളം കുറച്ചു നൽകിയാൽ മതി. കൊടിയുടെ ചുറ്റും രണ്ടടി വ്യാസത്തിൽ എടുത്ത തടത്തിൽ വളം വിതറി മുപ്പല്ലി കൊണ്ട് വേരുകൾ പൊട്ടാതെ കൊത്തിച്ചേർക്കാം. തടമെടുക്കുമ്പോൾ വേരുകൾക്ക് മുറിവേറ്റാൽ ദ്രുതവാട്ടത്തിനുള്ള സാധ്യത കൂടും. വളം ഒലിച്ച് നഷ്ടപ്പെടാതിരിക്കാനും, മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും, താപനില ക്രമീകരിക്കുന്നതിനും, കളനിയന്ത്രണത്തിനും പുതയിടൽ സഹായിക്കും. മഴ ശമിക്കുന്നതോടെ സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും, ട്രൈക്കോഡർമ്മകൾച്ചർ ചുവട്ടിൽ ചേർക്കുകയും ചെയ്യുകയാണെങ്കിൽ ദ്രുതവാട്ടം അടക്കമുള്ള രോഗങ്ങൾ നിയന്ത്രിക്കാൻ സാധിക്കും.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

13. വെറ്റിലക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കൊടി താഴ്ത്തി കെട്ടുന്നതിനുള്ള സമയമാണ് ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങൾ. സാധാരണ ഗതിയിൽ വെറ്റിലക്കൊടി ഒരു വർഷം കൊണ്ട് 3 മീറ്ററോളം വളർച്ച എത്തിയിരിക്കും. പിന്നീട് കൊടിയുടെ വലുപ്പവും പുഷ്ടിയും കുറയുന്നതായി കാണാം. അതുകൊണ്ടു തന്നെ വെറ്റിലക്കൊടിയ്ക്ക് ഉണർവ്വ് കൊടുക്കുന്നതിനായി വർഷത്തിലൊരിക്കലെങ്കിലും കൊടികളെ താഴ്ത്തി തറനിരപ്പിൽ എത്തിക്കണം.

14. **മഴക്കാല മുന്നൊരുക്കം കന്നുകാലികളിൽ**

- തൊഴുത്തുകളിലെ ചോർച്ച പരിഹരിച്ച് വായു സഞ്ചാരം ഉറപ്പാക്കുക.
- ഇളം പുല്ല് അധികം നൽകുന്നത് വഴി വയറിളക്കത്തിന് സാധ്യത ഉള്ളതിനാൽ വെയിലത്ത് ഇട്ടു വാട്ടിയോ അല്ലെങ്കിൽ വൈക്കോലുമായോ പച്ചപ്പുല്ലുമായോ സംയോജിപ്പിച്ചു നൽകുക.
- ബാഹ്യപരാദങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങൾ തടയാൻ പരാദനാശിനികൾ ഉപയോഗിക്കുക.
- തീറ്റ വൃത്തിയുള്ളതും ഈർപ്പരഹിതവുമായ സ്ഥലത്ത് സൂക്ഷിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം